**വിവരാവകാശം / മറുപടി**

നമ്പർ: D3-902/19

സാമൂഹ്യനീതി ഡയറക്ടറേറ്റ്
വികാസ്ഭവൻ, തിരുവനന്തപുരം,
തീയതി : 4.2.2019.

സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ,
തിരുവനന്തപുരം.

ശ്രീ.അഖിൽ.കെ.എസ്
കളപ്പുരയ്ക്കൽ വീട്
അഴകം, കൊടകര പി.ഒ
തൃശ്ശൂർ-680684.

സർ,

വിഷയം: സാ.നീതി വകുപ്പ് - വിവരാവകാശം - മറുപടി നൽകുന്നത് - സംബന്ധിച്ച്-

സൂചന: താങ്കളുടെ 21.1.19ലെ വിവരാവകാശ നിയമപ്രകാരമുള്ള അപേക്ഷ.

സൂചന പ്രകാരം താങ്കൾ ആവശ്യപ്പെട്ട വിവരങ്ങൾ ചുവടെ ചേർക്കുന്നു.

ചോദ്യം 1) 1996 മുതൽ 2008 വരെയുള്ള കാലയളവിലെ Backlog vacancy കണ്ടെത്തുന്നതിനായി ഒരു വിദഗ്ദ്ധ ടീമിനെ നിയോഗിക്കുകയും ടി ടീം പഠനം നടത്തി റിപ്പോർട്ട് സർക്കാരിന് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. സർക്കാർ നിർദ്ദേശനത്തിന് വിധേയമായി ടി വിഷയത്തിൽ തുടർ നടപടി സ്വീകരിക്കുന്നതാണ്.

ചോദ്യം-2) ഭിന്നശേഷിക്കാർക്ക് നിയമനം നൽകുന്നതിനായി കമ്മീഷനെ നിയോഗിച്ചിട്ടില്ല.

ചോദ്യം-3) ബാധകമല്ല.

ചോദ്യം-4) ഭിന്നശേഷിക്കാരുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ ഡാറ്റാബേസ് തയ്യാറാക്കിയിട്ടില്ല.

ചോദ്യം-5) 1996 മുതലുള്ള ബാക്ക്ലോഗ് വേക്കൻസിയുടെ കണക്കെടുപ്പ് പൂർത്തിയായിട്ടുണ്ട്. ആയത് സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. ടി വിഷയത്തിൽ സർക്കാർതലത്തിൽ നിർദ്ദേശം പുറപ്പെടുവിക്കുന്നതാണ്.

*db@18*

ചോദ്യം-6) ഭിന്നശേഷിക്കാർക്ക് 4% സംവരണം ഗവ. സർവ്വീസിൽ ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ആയതിലേക്ക് RPWD-2016 വ്യവസ്ഥകൾ പ്രകാരം ഭിന്നശേഷിക്കാർക്കുള്ള തസ്തിക കണ്ടെത്തുന്നതിനായി രൂപീകരിച്ചിട്ടുള്ള expert committee പുനസംഘടിപ്പിച്ചിട്ടുണ്ട്.

ചോദ്യം-7) 4% സംവരണം ഏർപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നതിന് മുമ്പായി ടി വിഭാഗക്കാർക്ക് അനുയോജ്യമായ തസ്തികകൾ കണ്ടെത്തേണ്ടതുണ്ട്. ആയതിലേക്ക് വിദഗ്ദ്ധരെ ഉൾപ്പെടുത്തി ചർച്ചാ നടപടികൾ സ്വീകരിച്ചു വരുന്നു.

ചോദ്യം-8) 1996 മുതൽ ഭിന്നശേഷിക്കാർക്ക് മാറ്റിവച്ചിട്ടുള്ള വേക്കൻസിയുടെ ഡാറ്റാബേസ് തയ്യാറാക്കിയിട്ടില്ല.

മേൽ പറഞ്ഞ മറുപടി താങ്കൾക്ക് തൃപ്തികരമല്ലെങ്കിൽ മറുപടി ലഭിച്ച് 30 ദിവസത്തിനകം അപ്പലേറ്റ് അതോറിറ്റിയായ കെ.ഗീത, അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ, സാമൂഹ്യനീതി ഡയറക്ടറേറ്റ്, വികാസ്ഭവൻ, തിരുവനന്തപുരം എന്ന വിലാസത്തിൽ അപ്പീൽ അപേക്ഷ സമർപ്പിക്കാവുന്നതാണ്.

വിശ്വസ്തതയോടെ,

സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ
സാമൂഹ്യനീതി വകുപ്പ്

db@18